# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യംനമ്പർ : 8125

24.07.2012-ൽ മറുപടിക്ക്.

### അതിവേഗ റെയിൽവേ ഇടനാഴി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി.ദേവസ്സി | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ പ്രത്യേകിച്ച് ചാലക്കുടി മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ അതിവേഗ റെയിൽവേ ഇടനാഴി (എച്ച്.എസ്.ആർ.സി)യ്ക്കായി സർവ്വേ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ; | (എ) ഉണ്ട്. അതിവേഗ റെയിൽ ഇടനാഴിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിനുവേണ്ടി അലൈമെന്റ് സർവ്വേയാണ് ഈ പ്രദേശങ്ങളിൽ നടക്കുന്നത്. DMRC ഈ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.<br><br>തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ ഒരു അതിവേഗ റെയിൽ കോറിഡോർ നിർമ്മിക്കുന്നതിന്റെ സാധ്യതാപഠനം ഡി.എം.ആർ.സി നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. |
| (ബി) വീട് ഉൾപ്പെടെ ഭൂമി നഷ്ടപ്പെടുന്ന ഭൂവുടമകൾക്ക് പുനരധിവാസ പാക്കേജ് പ്രഖ്യാപിക്കുന്നതിനും, അർഹമായ നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) സ്വീകരിക്കും. |
| (സി) ഇക്കാര്യത്തിൽ ജനങ്ങൾക്കുള്ള ആശങ്കകളകറ്റാൻ ബന്ധപ്പെട്ടവരുടെ അടിയന്തിര യോഗം വിളിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ